File No. 44722/C2/12/TSM

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 902

13.06.2012-ൽ മറുപടിയ്ക്ക്

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സമഗ്ര വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ.മാധവൻ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ.എം.എ. വാഹിദ്<br>ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സുപ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സമഗ്രവികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നല്കുമോ; | എ) | സുപ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് മാസ്റ്റർ പ്ലാൻ ടൂറിസം വകുപ്പ് തയ്യാറാക്കി വരുന്നു. |
| ബി) | എങ്കിൽ എത്ര വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | ബി) | ആലപ്പുഴ, തൃശ്ശൂർ, വയനാട് എന്നീ (ടൂറിസ) സ്ഥലങ്ങളുടെ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. കൂടാതെ വർക്കല, തേക്കടി, കാരാപ്പുഴ,കോവളം-പൂവ്വാർ ടൂറിസം കോറിഡോർ, ഫോർട്ട് കൊച്ചി, കുമരകം മുതലായ സ്ഥലങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| സി) | ഈ പദ്ധതി എത്ര വർഷം കൊണ്ടാണ് യാഥാർത്ഥ്യമാക്കാനുദ്ദേശിക്കുന്നത്; | സി) | മാസ്റ്റർ പ്ലാനുകൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ച ശേഷം മാത്രമേ സമയപരിധി നിശ്ചയിക്കാൻ കഴിയൂ. |
| ഡി) | ഈ പദ്ധതിയിൽ പുതിയതും അറിയപ്പെടാത്തതുമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ? | ഡി) | ടൂറിസം സാധ്യതകൾ മുൻനിർത്തി പുതിയതും അറിയപ്പെടാത്തതുമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ